(ബി) അലങ്കാര വൈദ്യുത വിളക്കുകൾ പ്രകാശിച്ച ദിവസങ്ങളുടെ കൃത്യമായ കണക്ക് ഏടുത്തിട്ടില്ല.

(സി) സാങ്കേതിക തകരാറ് കാരണം ചില വിളക്കുകൾ പ്രവർത്തന രഹിതമായിരുന്നു. അവ കേടുപാട് തീർത്ത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. വിളക്കുകൾ സ്ഥാപിക്കുന്നതിന് 15,52,320 രൂപ ചെലവായി.

വിനോദസഞ്ചാര രംഗത്ത് നിലവിലുള്ള പദ്ധതികളുടെ പൂർത്തീകരണം

* 19 [307] ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, വി. കെ. സി. മമ്മത് കോയ:

,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വിനോദസഞ്ചാര രംഗത്ത് നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ എല്ലാം നടപ്പിലാക്കുന്നതിനുമായി ഈ വർഷം എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; ഇതിനകം എന്തു തുക ചെലവഴിക്കുകയുണ്ടായി;

(ഡി) നിലവിലുള്ള പദ്ധതികൾ എല്ലാം ഈ വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) ആൻറണി സർക്കാരിൻെറ കാലത്ത് ടൂറിസം വകുപ്പിനുവേണ്ടി പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികൾ ഇനിയും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്; പ്രഖ്യാപിത പദ്ധതികളിൽ ഇതേവരെ പ്രവർത്തനം ആരംഭിക്കാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) ഉണ്ട്. ടൂറിസം വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി വകുപ്പ് തലത്തിലും സർക്കാർ തലത്തിലും കൂടെക്കൂടെ അവലോകന യോഗങ്ങൾ കൂടാറുണ്ട്. ഇത്തരത്തിലുള്ള അവസാന മീറ്റിംഗ് പ്രകാരം വിലയിരുത്തിയ വിവിധ പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. *

(ബി) നബാർഡ് സ്കീം അനുസരിച്ച് ടൂറിസം റോഡ് പ്രോജക്ടിന് അനുവദിച്ചിട്ടുള്ള 10 കോടി രൂപ ഉൾപ്പെടെ 84 കോടി 25 ലക്ഷം രൂപ ഈ വർഷം ചെലവ് പ്രതീക്ഷിക്കുന്നു.

(സി) ഈ വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ 74.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 30-6-2005 വരെ 14,66,06,764 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി റോഡ് പ്രോജക്ടിന് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലുള്ള എല്ലാ പദ്ധതികളും ഈ വർഷം പൂർത്തീകരിക്കാൻ കഴിയില്ല. ഈ വർഷത്തെ ബഡ്ജറ്റിന്റെ പരിധിയിൽ വരുന്ന പരമാവധി പദ്ധതികളും പൂർത്തീകരിക്കാൻ ശ്രമിക്കുന്നുണ്ട്.

(ഇ) പൂർത്തീകരിക്കേണ്ട പദ്ധതികളും അനുബന്ധം ആയി ചേർത്തിരിക്കുന്നു. * പ്രഖ്യാപിത പദ്ധതികളിൽ ഇതേവരെ പ്രവർത്തനം ആരംഭിക്കാത്തവ ടൂറിസം വകുപ്പിൽ ഇല്ല.

പരമ്പരാഗത കയർപിരി തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ നടപടി

* 20 [308] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർപിരി തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) കയർ മേഖലയുടെ വികസനത്തിനും അതുവഴി കയർ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുവാനും വേണ്ടി താഴെ പറയുന്ന നടപടികളും സ്വീകരിച്ചു വരുന്നു. തൊഴിലാളികൾക്ക് കയർ പിരിക്കുന്നതിന് ചർക്കയുടെ ക്ഷാമം അനുഭവപ്പെട്ടതിനെത്തുടർന്ന് കർണ്ണാടകത്തിൽ നിന്നും ലക്ഷദ്വീപിൽനിന്നും യഥാക്രമം കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവ വഴി ചർക്കയും വാങ്ങി സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്. ചർക്കയുടെ സംഭരണത്തിനായി 2 കോടി രൂപ കയർഫെഡിനും 50 ലക്ഷം രൂപ ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിനും അനുവദിച്ചു നൽകുകയുണ്ടായി. സഹകരണ മേഖലയിൽ യന്ത്രവൽകൃത ചർക്കയും മില്ലുകളും സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക്, സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 50% പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. സഹകരണ മേഖലയിലുള്ള യന്ത്രവൽകൃത ചർക്കയും മില്ലുകളെ പ്രവർത്തനമാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കയർ പിരി അറിയുന്ന കയർ തൊഴിലാളികൾക്ക് മാർക്കറ്റിൽ ഡിമാന്റുള്ള മറ്റു മൂന്നു തരം കയർ കൂടി പിരിക്കാൻ സി.ഡോക് വഴി പരിശീലനം നൽകി വരുന്നു. കയർപിരി റാട്ടുകളുടെയും ഡീഫൈബറിംഗ് മെഷിനിന്റെയും കയർ മാറ്റിംഗ് ലൂമുകളുടെയും പോരായ്മകൾ നികത്താൻ ഉതകുന്ന പ്രവർത്തനങ്ങൾ നടത്താൻ സി.ഡോക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കയർ ഉൽപ്പാദക മേഖലയിൽ സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 1/4 എച്ച്. പി. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ തൊഴിലാളികൾക്ക് പരിശീലനം നൽകുകയും മഹിളാ കയർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly